കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail: dopkd.ksad@kerala.gov.in

http://ksad.kerala.gov.in/

# വെള്ളിനേഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.12/23/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി : 19-06-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെള്ളിനേഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെള്ളിനേഴി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇമെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി12/23/2020 തീയതി : 19-06-2020

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-2-2019 മുതൽ 4-11-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-11-2019 മുതൽ 15-11-2019 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.റോബർട്ട് കെ.ജി. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. യു.ബിജുആന്റണി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. കെ.വി.രാജൻ | സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീ. ഷഹീർ.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.ശ്രീധരൻ | 1-4-2018 മുതൽ 31-3-2019 |

| | | |
|---|---|---|
| | | വരെ |
| സെക്രട്ടറി | ശ്രീ. സി.കെ. ഹരിദാസൻ | 1-4-2018 മുതൽ 31-3-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ഷിബു എ ആർ | 1-04-2018 മുതൽ 31-3-2019 വരെ |
| വി.ഇ.ഒ - 1 | ശ്രീമതി. അംബിക പി | 1-04-2018 മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. നസീമ.എം | 1-04-2018 മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.കർണ്ണൻ.എം.ആർ | 1-4-2018 മുതൽ 31-3-2019വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.ദീപു ശശിധരൻ | 1-4-2018മുതൽ 31-3-2019വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.കൃഷ്ണകുമാർ | 1-4-2018മുതൽ 31-3-2019വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ: കുരിയച്ചൻ.ഒ | 1-4-2018മുതൽ 31-3-2019വരെ |
| എച്ച്.എം, ജി.എൽ.പി.എസ്, വെള്ളിനേഴി | ശ്രീ.വി .രാമൻകുട്ടി | 1-4-2018മുതൽ 31-3-2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | അനീഷ് നാരായണൻ | 1-4-2018മുതൽ 31-3-2019വരെ |

ഉള്ളടക്കം

ഭാഗം 1

| ക്രമ നം. | ഖ.നം. | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| | | |

| | | |
|---|---|---|
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയവിവരം |
| 10 | 1-10 | പഞ്ചായത്ത് ലൈസൻസ് – അപാകതകൾ പരിഹരിക്കേണ്ടതാണ് |
| 11 | 1-11 | തൊഴിൽനികുതി പരിശോധനാവിവരങ്ങൾ |
| 12 | 1-12 | ഉപയോഗിക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 13 | 1-13 | പാലിന് ഇൻസെന്റീവ് - ആവശ്യമായ സബ്സിഡി തുക വകയിരുത്തിയില്ല |
| 14 | 1-14 | റഗുലറൈസേഷൻ ഫീ, വസ്തു നികുതി എന്നിവ ഈടാക്കിയിട്ടില്ല |
| 15 | 1-15 | ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. |
| 16 | 1-16 | പ്രവൃത്തി പൂർത്തീകരിച്ച ശേഷം മാത്രമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകരം ലഭിക്കുന്നത്. |
| 17 | 1-17 | എം.ബുക്കുകൾ, ടെണ്ടർ ഫോമുകൾ എന്നിവയുടെ സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| 18 | 1-18 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല |
| 19 | 1-19 | അനർഹനായ ഗുണഭോക്താവിന് ആനുകൂല്യം നൽകി |
| 20 | 1-20 | തുല്യത പഠനം - രേഖകൾ സൂക്ഷിച്ചിട്ടില്ല |
| 21 | 1-21 | ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല. |
| 22 | 1-22 | കണ്ടിജൻസി ചെലവ് പ്രൊജക്ട് -ആസ്തികൾ വാങ്ങി |
| 23 | 1-23 | കാർഷിക പ്രൊജക്ടുകൾ -ഗുണഭോക്തൃവിഹിതം പിരിക്കുന്നത് ക്രമപ്രകാരമല്ല |
| 24 | 1-24 | സപ്ലൈയർക്ക് തുക നൽകിയിട്ടില്ല |
| 25 | 1-25 | വാങ്ങലുകൾ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല |
| 26 | 1-26 | അധികം പിൻവലിച്ച തുക അടവാക്കണം |
| 27 | 1-27 | ആർ–സെറ്റി കേന്ദ്രം പ്രയോജനപ്പെടുത്തുണം |
| 28 | 1-28 | പി.വി.സി വാട്ടർ ടാങ്ക് പ്രൊജക്ടുകൾ -ഗുണനിലവാരം ഉറപ്പുവരുത്തണം |
| 29 | 1-29 | കണ്ടിജൻസി ചെലവുകൾ -സർക്കാർ നിർദ്ദേശം പാലിക്കണം |
| | | |

| | | |
|---|---|---|
| 30 | 1-30 | തൊഴിലുറപ്പ് പദ്ധതിയിലൂടെയുള്ള കിണർ-പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. |
| 31 | 1-31 | മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് - വാട്ടർഅതോറിട്ടി വെള്ളക്കരം കുടിശ്ശിക അടവാക്കൽ |
| 32 | 1-32 | തിരുവാഴിയോട് വെറ്റിലക്ക് ഭൂപ്രദേശസൂചികാംഗീകാരം ലഭ്യമാക്കൽ |

ഭാഗം-2

-ഒന്നുമില്ല.-

ഭാഗം-3

-ഒന്നുമില്ല.-

ഭാഗം-4

| | | |
|---|---|---|
| 1 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 2 | 4-2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 3 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 5 | 4-5 | സ്ഥിര നിക്ഷേപം |
| 6 | 4-6 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 7 | 4-7 | ഓഡിറ്റ് റിക്കവറി |
| 8 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 9 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 10 | 4-10 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 11 | 4-11 | തീർപ്പാക്കാനാവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |

അനുബന്ധങ്ങൾ

1,ഓഡിറ്റ് സാക്ഷ്യപത്രം

2,വിവിധ പത്രികകൾ

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

13-3-2018 തീയതിയിലെ 1(1).തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പ്രതീക്ഷിത വരുമാനവും ചെലവും

യഥാർത്ത ചെലവുമായി പൊരുത്തപ്പെടുന്നില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ പ്രത്യേകം ശ്രദ്ധചെലത്തേണ്ടതാണ്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 07-06-2019 | ---- | ---- |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7497270 |
| വരവ് | 69436230 |
| ആകെ | 76933500 |
| ചെലവ് | 67350908 |
| നീക്കിയിരിപ്പ് | 9582592 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10277000 | 10277000 | 10277000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7172000 | 7172000 | 7172000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10710000 | 10710000 | 10710000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2780000 | 2780000 | 2780000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 4770000 | 4770000 | 4770000 | |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 10837 | 0 | 10837 | 2000 | 8837 * |
| എം.ജി.എൻ.ആർ. ഇ.ജി. എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2213 | 699064 | 701277 | 678485 | 22792 |
| | തൊഴിലാളികളുടെ കൂലി | 0 | 17852113 | 17852113 | 17852113 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ -ICDS | | 485240 | 423525 | 908765 | 473581 | 435184 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ -TSC | | 189240 | 1294466 | 1294466 | 1046628 | 247838 |
| ശുചിത്വമിഷൻ-ടോയ്‌ലറ്റ് | | 0 | 1250000 | 1250000 | 0 | 1250000 |
| ശുചിത്വമിഷൻ-PHC | | 652289 | 1330000 | 1982289 | 465232 | 1517057 |
| ബി ഫണ്ട് | | 0 | 200032** | 200032 | 200032 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3512265 **** | 3512265 | 3420728 | 559398 *** |
| | ജില്ലാ പഞ്ചായത്ത് | 0 | 1815944 | 1815944 | 1724407 | 91537 *** |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 11685 | 7664608 | 7676293 | 3120527 | 4555766 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 368198 | 17642339 | 18010537 | 13103459 | 4907078 |
| | ട്രഷറി അക്കൗണ്ട് | 6853244 | 9655444 | 16508688 | 14213413 | 2295275 |

*വാർഷികധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുക 8484/-രൂപയാണ്.എന്നാൽ യഥാർത്ഥ നീക്കിയിരിപ്പ് 8837/-രൂപയാണ്.

**ബി ഫണ്ട് വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് 90000/-രൂപയാണ്.എന്നാൽ യഥാർത്ഥ വരവ് 60000/--രൂപയാണ്.

*** വാർഷികധനകാര്യ പത്രിക പ്രകാരമുള്ള ജോയിന്റ് വെഞ്ചർ വരവു ചെലവുകൾ യഥാർത്ഥ വരവു ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.

****സമർപ്പിച്ച പട്ടിക പ്രകാരം 30000/-രൂപ കൂടുതലാണ്.

*****സമർപ്പിച്ച പട്ടിക പ്രകാരം 168479/-രൂപ കുറവാണ്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 197 | 70875007 | 177 | 53822590 | -2- | 18 | 89.9 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>
ഒന്നുമില്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2213 | 699064 | 701277 | 678485 | 22792 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17852113 | 17852113 | 17852113 | 0 |
| ആകെ | 2213 | 18551177 | 18553390 | 18530598 | 22792 |

രജിസ്റ്റർ പ്രകാരം 188551177 രൂപ വരവുണ്ട്. ആകെ വരവിൽ 300000 രൂപ കുറവായി വാർഷിക കണക്കിൽ കാണിച്ചിരിക്കുന്നു

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 94320 | 70 |
| വിവാഹ ധനസഹായം | 60000 | 2 |
| വാർദ്ധക്യകാല പെൻഷൻ | 17150600 | 1304 |
| അവിവാഹിത പെൻഷൻ | 1541700 | 125 |
| കർഷക തൊഴിലാളി പെൻഷൻ | 5691800 | 401 |
| വിധവ പെൻഷൻ | 8568800 | 692 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-11-2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18902/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയവിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.10.19 മുതൽ 10.10.19 | 09/2019 | 19.10.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.5.11 മുതൽ 2.6.11 | 2006-07 മുതൽ 2010-11 വരെ | 7.7.2011 |

# 1-10 പഞ്ചായത്ത് ലൈസൻസ് – അപാകതകൾ പരിഹരിക്കേണ്ടതാണ്

പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ

<u>എ. റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയ്ക്ക് ലൈസൻസ് നൽകേണ്ടതാണ്</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.19-ലെ നമ്പർ (സി.എസ്) എ9-764/2019 കത്ത് പ്രകാരം റേഷൻ കടകൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ്, തൊഴിൽ നികുതി എന്നിവ ബാധകമാണെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കള്ള് ഷാപ്പുകൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ബി. വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്</u>

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>സി. ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിക്കേണ്ടതാണ്</u>

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പു കൂട്ടി വായിച്ചതും 2017 ലെ കേരളാ ഇൻവെസ്റ്റമെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996 ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ ബ്രാക്കറ്റിലുള്ള പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക 2ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ

നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഭേദഗതി വരുത്തി പുതിയ ഫീസ് നിരക്കുകൾ പ്രാബല്യത്തിലായിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷം അനുവദിച്ച ലൈസൻസുകൾക്ക് പുതുക്കിയ നിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-11 തൊഴിൽനികുതി പരിശോധനാവിവരങ്ങൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പാഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജിവനക്കാരിൽ നിന്നും തെഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഐരാവത് ഫ്യൂവൽസ് | പ്രവീൺ. പി | 11 |
| 2 | സ്റ്റെർലിംഗ് ഫ്യൂവൽസ് | രാജൻ. എം | 6 |
| 3 | തിരുവാഴിയോട് ക്ഷീര സഹകരണ സംഘം | സെക്രട്ടറി | 2 |
| 4 | ലക്ഷ്മി ഫർണ്ണീച്ചർ | കുഞ്ഞിരാമൻ | 3 |
| 5 | എ.കെ. ബ്രോയിലേഴ്സ് | അബ്ബാസ് | 3 |
| 6 | എസ്.ബി. എഞ്ചിനീയറിംഗ് വർക്ക്സ് | ബാബു. എസ് | 4 |
| 7 | ശ്രീഭദ്ര ഗ്രൂപ്പ് ഓഫ് | ഗോപകുമാർ & | 6 |

| | | | |
|---|---|---|---|
| | കൺസേണ്ട് | ബാബു | |
| 8 | കെ.എസ്. എഞ്ചിനീയറിംഗ് വർക്ക്സ് | കെ. കുഞ്ഞുണ്ണി | 3 |
| 9 | കാർ കെയർ | രാമചന്ദ്രൻ | 3 |
| 10 | തിരുവായിയോട് ട്രയ്ഡേഴ്സ് ഡെവലപ്മെന്റ് കോ. സൊസൈറ്റി | സെക്രട്ടറി | 2 |
| 11 | തിരുവാഴിയോട് ടൗൺ ക്ഷീര സഹകരണ സംഘം | സെക്രട്ടറി | 2 |
| 12 | ഇൻഡ്ടെക് ഇൻഡസ്ട്രീസ് | ഷെദീദ് | 6 |
| 13 | സ്റ്റാൻറ്റേർഡ് ബാർകോഡ് ലാബൽ | ഷമീർ ബാബു | 4 |
| 14 | വടക്കൻ വെള്ളിനേഴി ക്ഷീര സഹകരണ സംഘം | സെക്രട്ടറി | 2 |
| 15 | കുളക്കാട് ക്ഷീര സഹകരണ സംഘം | സെക്രട്ടറി | 3 |
| 16 | കുറുവട്ടൂർ ക്ഷീര സഹകരണ സംഘം | സെക്രട്ടറി | 4 |
| 17 | ഒമേഗ പാവേഴ്സ് & ബ്രിക്സ് | സ്വയംപ്രഭ | 5 |
| 18 | ശ്രീലക്ഷ്മി ഓട്ടോമൊബൈൽസ് സർവ്വീസ് സെന്റർ | പി. രാജൻ | 5 |
| 19 | മൊയ്തുണ്ണി സോമിൽ | എൻ. സക്കീർ | 7 |
| 20 | സി.എം. ഡിസൈനർ | മുഹമ്മദാലി. സി | 7 |
| 21 | ഇന്ത്യൻ കേബിൾ മാനുഫാക്ച്ചറിംഗ് ട്രേഡിംഗ് | ജംഷീറ & ഷമീർ ബാബു | 3 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി. ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയില്ല

വെള്ളിനേഴി സപ്ലൈകോ മാവേലി സ്റ്റോർ മാനേജർ സമർപ്പിച്ചിട്ടുള്ള ലൈസൻസിനുള്ള അപേക്ഷ പ്രകാരം സ്ഥാപനത്തിൽ 4 ജോലിക്കാരുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സ്ഥാപനം സമർപ്പിച്ചിട്ടുള്ള തൊഴിൽ നികുതി റിട്ടേൺ പ്രകാരം ഒരാളുടെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത് (തൊഴിൽ നികുതി രജിസ്റ്ററിലെ ഡിമാന്റ് നം. 18കാണുക). സ്ഥാപനത്തിലെ മാനേജരിൽ നിന്നും റിട്ടേണുകൾ സ്വീകരിക്കേണ്ടതും തൊഴിൽ നികുതി ആയത് പ്രകാരം ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി. കരാറുകാർ, റേഷൻ കട, കള്ള് ഷോപ്പ് നടത്തിപ്പുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കട, കള്ള് ഷാപ്പ് നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും റിട്ടേണുകൾ സ്വീകരിക്കേണ്ടതും തൊഴിൽ നികുതി ആയത് പ്രകാരം ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി. കാനറ ബാങ്ക് ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കാനറ ബാങ്ക് ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് കൂടി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.7/12.11.2019)

# 1-12 ഉപയോഗിക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിലെ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നതായി കാണുന്നു.

| ക്രമ നം. | അക്കൗണ്ട് നം., ബാങ്കിന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| 1 | 231, VAPCOS (തനത് ഫണ്ട്) | 31.03.2019 ലെ ബാലൻസ് - 37547/- രൂപ |
| 2 | 142, VAPCOS (എം.എൻ.ലക്ഷം വീട്) | 31.03.2019 ലെ ബാലൻസ് - 224856/- രൂപ |
| 3 | 1536101101088, കാനറ ബാങ്ക് | 31.10.2019 ലെ ബാലൻസ് - 2935/- രൂപ |
| 4 | 1536101110115, കാനറ ബാങ്ക് | 31.10.2019 ലെ ബാലൻസ് - 3434/- രൂപ |

മേൽ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതും ബാലൻസ് തുകകൾ അതാത് ഹെഡിലേക്ക് തിരികെ ഒടുക്ക് വരുത്തേണ്ടതുമാണ്.

# 1-13 പാലിന് ഇൻസെന്റീവ് - ആവശ്യമായ സബ്സിഡി തുക വകയിരുത്തിയില്ല

പ്രോജക്ട്.നം. 120/19 – ക്ഷീരകർഷകർക്ക് സംഘത്തിൽ അളക്കുന്ന പാലിന് ഇൻസെന്റീവ്

നിർവഹണോദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ - 975000/- രൂപ (വികസന ഫണ്ട് - 500000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 325000/-, ജില്ലാ പഞ്ചായത്ത് വിഹിതം - 150000/-)

ചെലവ് - 975000/- രൂപ

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലുള്ള ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് 1 ലിറ്റർ പാലിന് 4 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിന് മേൽ പ്രോജക്ട് പ്രകാരം, പഞ്ചായത്ത് പരിധിയിലെ വിവിധ ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് 2018 ഏപ്രിൽ മുതൽ 2018 ജൂലൈ വരെയുള്ള കാലയളവിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി കാലയളവിലെ 08/18 മുതൽ 03/19 വരെയുള്ള മാസങ്ങളിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു സബ്സിഡി നൽകുവാൻ ആവശ്യമായ തുക പ്രൊജക്ടിൽ വകയിരുത്തിയിട്ടില്ലെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യഗസ്ഥൻ വിശദീകരണം നൽകിയത്. ഭാവിയിൽ മതിയായ വിഭവ സമാഹരണം നടത്തേണ്ടതും സബ്സിഡി തുക വകയിരുത്തി, സർക്കാർ നിർദ്ദേശ പ്രകാരം പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-14 റഗുലറൈസേഷൻ ഫീ, വസ്തു നികുതി എന്നിവ ഈടാക്കിയിട്ടില്ല

ശ്രീ. മുഹമ്മദ് അഷറഫ്, വെള്ളൂർക്കാവിൽ എന്നയാളുടെ കെട്ടിട നിർമ്മാണം റഗുലറൈസേഷൻ ചെയ്യുന്നതിനായുള്ള അപേക്ഷയിലെ അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള പ്ലിന്ത് ഏരിയ ചുവടെ ചേർക്കുന്നു.

പൊൾട്രി ഫാം 1 – 276.13 ച.മീ.

പൊൾട്രി ഫാം 2 – 406.06 ച.മീ.

വർക്കേഴ്സ് റെസ്റ്റ് ബിൽഡിംഗ് - 48.55 ച.മീ.

സ്റ്റോർ റൂം - 22.48 ച.മീ.

മേൽ പ്ലാൻ പ്രകാരം പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ള കെട്ടിട നമ്പറുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നം., ഉടമസ്ഥന്റെ പേര് | അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള പ്ലിന്ത് ഏരിയ | ഈടാക്കിയ വസ്തു നികുതി |
|---|---|---|

| | | |
|---|---|---|
| 12/291-I, മുഹമ്മദ് അഷറഫ്, വെള്ളൂർക്കാവിൽ | പൊൾട്രി ഫാം 1 – 276.13 ച.മീ. | അടിസ്ഥാന വസ്തു നികുതു - 276.13*15 = 4141.95<br><br>വർദ്ധനവ് - ഇല്ല.<br><br>ഇളവ് (20%) - 828.39<br><br>ലൈബ്രറി സെസ്സ് - 166<br><br>ആകെ - 3480 (3314+166) |
| 12/291-G, മുഹമ്മദ് അഷറഫ്, വെള്ളൂർക്കാവിൽ | പൊൾട്രി ഫാം 2 – 406.06 ച.മീ. | അടിസ്ഥാന വസ്തു നികുതു - 406.06*15 = 6090.9<br><br>വർദ്ധനവ് - ഇല്ല.<br><br>ഇളവ് (20%) - 1218.18<br><br>ലൈബ്രറി സെസ്സ് - 244<br><br>ആകെ - 5117 (4873+244) |
| 12/291-H, മുഹമ്മദ് അഷറഫ്, വെള്ളൂർക്കാവിൽ | വർക്കേഴ്സ് റെസ്റ്റ് ബിൽഡിംഗ് - 48.55 ച.മീ. | അടിസ്ഥാന വസ്തു നികുതു - 48.55*6 = 291.3<br><br>വർദ്ധനവ് - ഇല്ല.<br><br>ഇളവ് (20%) - 58.26<br><br>ലൈബ്രറി സെസ്സ് - 12<br><br>ആകെ - 246 (234+12) |

എ. എന്നാൽ പ്ലാൻ പ്രകാരമുള്ള സ്റ്റോർ റൂം (22.48 ച.മീ.) കെട്ടിടത്തിന് നമ്പർ അനുവദിച്ചതായി കാണുന്നില്ല. ആയതിന് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിർണ്ണയിക്കാവുന്ന വസ്തു നികുതി

അടിസ്ഥാന വസ്തു നികുതു - 22.48* 30= 674.4 (ഗോഡൗൺ നിരക്ക്)

വർദ്ധനവ് - ഇല്ല.

ഇളവ് (20%) - 134.88

ലൈബ്രറി സെസ്സ് - 27

ആകെ - 567 (540+27)

ബി. മേൽ പ്ലാൻ പ്രകാരമുള്ള കെട്ടിടങ്ങളിലെ, പൊൾട്രീ ഫാം ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് മാത്രമേ റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടുള്ളൂ (10.4.2018 ലെ രസീതി നം. 118040100071 പ്രകാരം 6822/- രൂപ). ബാക്കിയുള്ള കെട്ടിടങ്ങൾക്ക് റെഗുലറൈസേഷൻ ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

നിർണ്ണയിക്കാവുന്ന റെഗുലറൈസേഷൻ ഫീസ്

വർക്കേഴ്സ് റെസ്റ്റ് ബിൽഡിംഗ് - 48.55 ച.മീ.*3*2 = 292/- രൂപ

സ്റ്റോർ റൂം - 22.48 ച.മീ.*5*2 = 225/- രൂപ

# 1-15 ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്.ബിറ്റുമിൻ ഉപയോഗിച്ചുകൊണ്ടുള്ള റോഡു പ്രവൃത്തിയിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഡാറ്റയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ പല പ്രവൃത്തികളിലും ബിറ്റുമിൻ ബാരൽ വില ഈടാക്കിയിട്ടല്ല കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ബാരൽ വില പിന്നീട് ഈടാക്കിയിട്ടുള്ളതായി രേഖകൾ ഇല്ല. ആയതിനാൽ ഉപയോഗിച്ച ബാരലിന്റെ വില കണക്കാക്കി കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതും ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

| പ്രവൃത്തിയുടെ പേര് | ചെലവ് - ബിൽ നമ്പർ - തുക | അളവു പുസ്തകം | എം.ബി. പ്രകാരം ഉപയോഗിച്ച ടാറിന്റെ അളവ് | ടാർ ബാരലിന്റെ വില |
|---|---|---|---|---|
| S0168/19-അടയ്ക്കാപുത്തൂർ റോഡ് റീടാറിംഗ്<br>(മെയിന്റനൻസ് ഫണ്ട് റോഡ്)<br>കരാറുകാരൻ : എം. രാധാകൃഷണൻ | 9/8.6.18<br>149448/- | 107/<br>17-18 | VG30-978.25 kg<br>RS1- 105.34 kg<br>ആകെ - 8ബാരൽ | 8x281=2248 |

| | | | | |
|---|---|---|---|---|
| അടങ്കൽ :150000 | | | | |
| കാട്ടിലയ്യപ്പൻ റോഡ് റീടാറിംഗ്<br><br>അടങ്കൽ : 200000<br><br>കരാറുകാരൻ. എം. രാധാകൃഷ്ണൻ | 8/8.6.18<br><br>199277/- | 7/18-19 | VG30-1558.45 Kg<br><br>RS1-179Kg<br><br>ആകെ- 10 ബാരൽ | 10x281=2810 |
| SO. 144/19 ഇടയാറ്റിൽ ആലിൻ കുന്ന് റോഡ് ടാറിംഗ്<br><br>അടങ്കൽ . 200000<br><br>കരാറുകാരൻ : സജീഷ്.പി. | 66/21.1.19<br><br>200000/- | 45/18-19 | VG30-763.43 Kg<br><br>RS1-200Kg<br><br>SS1- 362 Kg<br><br>ആകെ- 9 ബാരൽ | 9x281= 2529 |
| So 169/19-കുണ്ടുള്ളിപറമ്പ് പുളിക്കാത്തോട് റോഡ് റീടാറിംഗ്<br><br>അടങ്കൽ : 300000<br><br>കരാറുകാരൻ : എം. രാധാകൃഷ്ണൻ | 16/14.8.18<br><br>298887 | 6/17-18 | VG30-1104.26 Kg<br><br>RS1-117.75Kg<br><br>SS1-444.84kg<br><br>ആകെ- 12 ബാരൽ | 12x281=3372 |
| So93/19-ഹൈസ്കൂൾ ചരക്കുളം റോഡ് റീടാറിംഗ്<br><br>അടങ്കൽ :300000<br><br>കരാറുകാരൻ : സാജു.ഓ. | 10/8.6.18<br><br>298051/- | 5/18-19 | VG30-2265.2 Kg<br><br>RS1-247.1Kg<br><br>ആകെ- 16 ബാരൽ | 16x281=4496 |
| So201/19-കുളക്കാട് കുറുവട്ടൂർ റോഡ് പുനരുദ്ധാരണം<br><br>അടങ്കൽ :250000<br><br>കരാറുകാരൻ : വേണഗോപാലൻ | 1/26.6.18<br><br>248154/- | 39/17-18, 114/17-18 | VG30-2104.51 Kg<br><br>RS1-296.98Kg<br><br>ആകെ- 15 ബാരൽ | 15x281= 4215 |
| ആകെ | | | | 19670 |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/ 15-11-2019ന് ലഭ്യമാക്കിയ മറുപടിയിൽ ഉചിതമായ നടപടികൾ വേഗത്തിൽ സ്വീകരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽസൂചിപ്പിച്ച ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമായ 19670രൂ. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 1-16 പ്രവൃത്തി പൂർത്തീകരിച്ച ശേഷം മാത്രമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകരം ലഭിക്കുന്നത്.

താഴെപ്പറയുന്ന പ്രോജക്ടിൽ പ്രവൃത്തി പൂർത്തീകരിച്ച ശേഷം മാത്രമാണ് പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പരും പേരും: SO 163/19, പുളിയക്കോട്ട് പടി തോട് ബണ്ട് നിർമാണം

അടങ്കൽ: 50000 ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

ചെലവ്: 49869 /- ബിൽ നം.89/18-19,തീയ്യതി. 26-2-2019

കരാർ നം.85/17-18/AE/LSGD/VLY...Dt:8-2-2018 -(PAC): 50000

കരാറുകാരൻ: എം. എം. ജോൺ

സൈറ്റ് കൈമാറിയ തീയ്യതി . 8-2-2018

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 7-8-2018

പൂർത്തീകരിച്ച തീയ്യതി: 9-2-2019 അളവു പുസ്തകം: 70/18-19

ആകെ പ്രവൃത്തി മൂല്യം: 49869

8-2-2018ൽ സൈറ്റ് കൈമാറിയിട്ടും പ്രവൃത്തികൾ ആരംഭിച്ചത് 1-12-2018ന് മാത്രമാണ്. (പൂർത്തീകരണ കാലാവധിക്ക് ശേഷം) . പിന്നീട് ടി പ്രോജക്ടിന് റിവൈസ്ഡ് എസ്റ്റിമേറ്റ് നിർമിക്കുകയും ആയതിന് 18-2-2019ലെ നം . LSGD/ RE/ 97506 പ്രകാരം അസി. എക്സി. എഞ്ചിനീയറിൽ നിന്നും ടെക്നിക്കൽ സാങ്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തി 9-2-2019ൽ പൂർത്തീകരിച്ചു. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുമ്പ് റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കാത്തത് ക്രമപ്രകാരമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/ 15-11-2019ന് ലഭ്യമാക്കിയ മറുപടിയിൽ സബ്ബ് ഡിവിഷനിലെ സാങ്കേതിക തകരാർ മൂലമാണ് പ്രവൃത്തി പൂർത്തീകരിച്ച ശേഷം മാത്രം സാങ്കേതിക അനുമതി ലഭ്യമാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്.

എന്ത് സാഹചര്യത്തിലാണെങ്കിലും പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭ്യമാക്കിയ ശേഷം മാത്രം പ്രവൃത്തി നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-17 എം.ബുക്കുകൾ, ടെണ്ടർ ഫോമുകൾ എന്നിവയുടെ സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിതരണം നടത്തിയിട്ടുള്ള എം.ബുക്കുകൾ, ടെണ്ടർ ഫോമുകൾ എന്നിവയുടെ സ്റ്റോക്ക് റജിസ്റ്റർ അസി.എഞ്ചിനീയറുടെ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല.

ആയതിനാൽ ഇവയുടെ വിതരണം സംബന്ധിച്ച് വ്യക്തതയില്ല. ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധപതിപ്പിച്ച് മേല്പറഞ്ഞവയുടെ സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

# 1-18 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാന്വലിലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No.13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The extension of time of completion that can be granted at a time shall not exceed 25% of the original time or six months whichever is less . The maximum extension that can be granted for a work shall be limited to half the original time of completion.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines for extension of time

| Period | Rate of fine |
|---|---|
| First Extension | 1% of the PAC subject to a minimum of Rs. 1000 and maximum of Rs. 5000 |
| Beyond First Extension | 2% of the PAC subject to a minimum of Rs. 2000 and maximum of Rs. 10000 |

ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നമ്പരും പേരും: SO147/19,നാലു സെന്റ് കോളനി റോഡ് കോൺക്രീറ്റിങ്ങ്

   അടങ്കൽ: 200000 ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ് (റോഡ്)

   ചെലവ്: 200000 /- ബിൽ നം.52/18-19,തീയ്യതി. 30-11-18

   കരാർ നം.53/17-18/AE/LSGD/VLY...Dt:8-1-2018 -(PAC): 199376 കരാറുകാരൻ:പി. ശശികുമാർ

   സൈറ്റ് കൈമാറിയ തീയ്യതി . 8-1-2018

   കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 7-4-2018

പൂർത്തീകരിച്ച തീയ്യതി: 21-11-2018 അളവു പുസ്തകം: 40/18-19

ആകെ പ്രവൃത്തി മൂല്യം: 200000

ഈടാക്കേണ്ട പിഴ:

ആദ്യത്തെ മുക്കാൽ മാസം (23ദിവസം) : 1993 (PACയുടെ 1%)

രണ്ടാമത്തെ മുക്കാൽ മാസം (23ദിവസം) : 3986 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 5979

ഈടാക്കിയത്: ഇല്ല.

ആയതിനാൽ ഈടാക്കേണ്ടത്: 5979രൂ.

2. <u>പ്രൊജക്ട് നമ്പരും പേരും: SO150/19,കുളക്കാട് കുറുവട്ടൂർ റോഡ് പുനരുദ്ധാരണം</u>

   അടങ്കൽ: 250000 ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ് (റോഡ്)

   ചെലവ്: 248154 /- ബിൽ നം.1/18-19,തീയ്യതി. 26-6-18

   കരാർ നം.39/17-18/AE/LSGD/VLY...Dt:8-1-2018 -(PAC): 249958 കരാറുകാരൻ:കെ.കെ. വേണുഗോപാലൻ

   സൈറ്റ് കൈമാറിയ തീയ്യതി . 8-1-2018

   കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 7-4-2018

   പൂർത്തീകരിച്ച തീയ്യതി: 28-5-2018 അളവു പുസ്തകം: 39/17-18, 114/17-18

   ആകെ പ്രവൃത്തി മൂല്യം: 248154

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലയളവ് നീട്ടൽ മുക്കാൽ മാസം (23ദിവസം) : 2500 (PACയുടെ 1%)

രണ്ടാമത്തെ കാലയളവ് നീട്ടൽ മുക്കാൽ മാസം (23ദിവസം) : 5000 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്:7500

ഈടാക്കിയത്: ഇല്ല.

ആയതിനാൽ ഈടാക്കേണ്ടത്: 7500രൂ.

3. <u>പ്രൊജക്ട് നമ്പരും പേരും: SO155/19, PHC വെള്ളിനേഴി കെട്ടിടം അറ്റകുറ്റപ്പണിയും പെയിന്റിംഗും</u>

   അടങ്കൽ: 150000 ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ് (റോഡ്)

   ചെലവ്: 149786 /- ബിൽ നം.67/18-19,തീയ്യതി. 20-1-2019

കരാർ നം.71A /17-18/AE/LSGD/VLY...Dt:11-8-2018 -(PAC): 148477 കരാറുകാരൻ: എം. രാധാകൃഷ്ണൻ

സൈറ്റ് കൈമാറിയ തീയ്യതി .11-8-2018

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 10-11-2018

പൂർത്തീകരിച്ച തീയ്യതി: 24-12-2018 അളവു പുസ്തകം: 71/17-18

ആകെ പ്രവൃത്തി മൂല്യം: 149786

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലയളവ് നീട്ടൽ (മുക്കാൽ മാസം -23ദിവസം) : 1485 (PACയുടെ 1%)

രണ്ടാമത്തെ കാലയളവ് നീട്ടൽ : 2970 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്:4455

ഈടാക്കിയത്: ഇല്ല.

ആയതിനാൽ ഈടാക്കേണ്ടത്: 4455രൂ.

4. <u>പ്രൊജക്ട് നമ്പരും പേരും: SO143/19, കുറ്റാനശ്ശേരി അംഗൻവാടി പുനരുദ്ധാരണം</u>

അടങ്കൽ: 379244 ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം )

ചെലവ്: 373355രൂ. --രൂ. 255138/- ബിൽ നം.11/18-19,തീയ്യതി. 17-7-2018

--രൂ 118217/- ബിൽ നം.15/18-19,തീയ്യതി. 14-8-2018

കരാർ നം.46 /16-17/AE/LSGD/VLY...Dt:13-3-2017 -(PAC): 379372 കരാറുകാരൻ: എം. എം. ജോൺ

സൈറ്റ് കൈമാറിയ തീയ്യതി .13-3-2017

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 12-9-2017

പൂർത്തീകരിച്ച തീയ്യതി: 24-10-2017 അളവു പുസ്തകം: 30/2010-11

ആകെ പ്രവൃത്തി മൂല്യം: 373355

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലയളവ് നീട്ടൽ : 3734 (PACയുടെ 1%)

ആകെ ഈടാക്കേണ്ടത്:3734

ഈടാക്കിയത്: ഇല്ല.

ആയതിനാൽ ഈടാക്കേണ്ടത്: 3734രൂ.

5. <u>പ്രൊജക്ട് നമ്പരും പേരും: S0155/19, തിരുവാഴിയോട് ജി.എൽ.പി.സ്കൂൾ അറ്റകുറ്റപ്പണി.</u>

   അടങ്കൽ: 270000 ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം )

   ചെലവ്: 268703രൂ. --രൂ.206486 /- ബിൽ നം.17/18-19,തീയ്യതി. 5-9-2018

   --രൂ.62217 /- ബിൽ നം.64/18-19,തീയ്യതി. 31-12-2018

   കരാർ നം.100 /17-18/AE/LSGD/VLY...Dt:14-3-2018 -(PAC): 269818 കരാറുകാരൻ: കെ.കെ. വേണുഗോപാലൻ

   സൈറ്റ് കൈമാറിയ തീയ്യതി .14-3-2018

   കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 13-8-2018

   പൂർത്തീകരിച്ച തീയ്യതി: 4-12-2018 അളവു പുസ്തകം: 106/17-18, 42/18-19

   ആകെ പ്രവൃത്തി മൂല്യം: 268703

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലയളവ് നീട്ടൽ (ആദ്യ 38ദിവസം) : 2698 (PACയുടെ 1%)

രണ്ടാമത്തെ കാലയളവ് നീട്ടൽ :5396 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്:8094

ഈടാക്കിയത്: ഇല്ല.

ആയതിനാൽ ഈടാക്കേണ്ടത്: 8094രൂ.

6. <u>പ്രൊജക്ട് നമ്പരും പേരും: പുതിയ പഞ്ചായത്ത് ഓഫീസ് ഇലക്ട്രിക്കൽ പ്രവൃത്തികൾ</u>

   അടങ്കൽ: 200000 ഫണ്ടിനം: പദ്ധതി ഫണ്ട്(ജനറൽ)

   ചെലവ്: 199001രൂ. ബിൽ നം.117/18-19,തീയ്യതി.26-3-2019

   കരാർ നം.76 /18-19/AE/LSGD/VLY...Dt:10-10-2018 -(PAC): 200000 കരാറുകാരൻ: പി. പ്രദീപൻ

   സൈറ്റ് കൈമാറിയ തീയ്യതി .10-10-2018

   കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 24-10-2018

   പൂർത്തീകരിച്ച തീയ്യതി: 16-3-2019 അളവു പുസ്തകം: 95/18-19

   ആകെ പ്രവൃത്തി മൂല്യം:199001

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലയളവ് നീട്ടൽ (ആദ്യ 4ദിവസം) : 2000 (PACയുടെ 1%)

രണ്ടാമത്തെ കാലയളവ് നീട്ടൽ :4000 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്:6000

ഈടാക്കിയത്: ഇല്ല.

ഈടാക്കാൻ ബാക്കിയുള്ളത് : 6000രൂ.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/ 14-11-2019ന് ലഭ്യമാക്കിയ മറുപടിയിൽ എത്രയും വേഗം ഉചിതമായ നടപടികൾ സ്വീകരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽസൂചിപ്പിച്ച പ്രവൃത്തികളിൽ ആകെ ഈടാക്കേണ്ട പിഴ 35762രൂ. ( 5979+7500+4455+3734+8094+6000) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-19 അനർഹനായ ഗുണഭോക്താവിന് ആനുകൂല്യം നൽകി

പ്രൊജക്ട് നം 23 /19 – പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്

അടങ്കൽ- രൂ.210000.00 ( വികസന ഫണ്ട് എസ്.സി.പി)

ചെലവ് -രൂ 209650.00 ( ബിൽ നം 34തീയതി 20-12-18 -)

സർക്കാർ ഉത്തരവ് .(കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്ക്നിക്ക്(ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം)ചാർട്ടേഡ് അക്കൗണ്ടൻറ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകാവുന്നതാണെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഒറ്റപ്പാലത്തുള്ള ടെക്ക്നോളജിക്കൽ ട്രയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്വകാര്യ സ്ഥാപനത്തിൽ Kerala Govt. Certificate Examination in Engineering [KGCE] - ഓട്ടോമൊബൈൽ എഞ്ചിനിയറിങ്ങ് എന്ന സർട്ടിഫിക്കറ്റ് കോഴ്സിനു പഠിക്കുന്ന ശ്രീ വിഷ്ണു.എം.സി, മാളിയേക്കൽ, വെള്ളിനേഴി എന്ന ഗുണഭോക്താവിന് രൂ.29950.00 വിലയുള്ള ലാപ്പ്ടോപ്പ് മേൽ പ്രൊജക്ട് പ്രകാരം വാങ്ങി നൽകിയിട്ടുണ്ട് . അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകിയത് തടസ്സപ്പെടുത്തുന്നു.

# 1-20 തുല്യത പഠനം - രേഖകൾ സൂക്ഷിച്ചിട്ടില്ല

പ്രൊജക്ട് നമ്പർ - 016/19

എസ്.എസ്.എൽ.സി , പ്ലസ് ടു തുല്യത പഠിതാക്കളുടെ പരീക്ഷ ഫീസ് അടവാക്കൽ

അടങ്കൽ - 80000/-( വികസന ഫണ്ട്)

ചെലവ്- 80000 /- ( ബിൽ നമ്പർ 05/18-19തീയ്യതി- 25-2-19 രൂ. 70250/- & ബിൽ നമ്പർ 05/18-19തീയ്യതി- 18-3-19 രൂ. 9750 )

മേൽ പ്രൊജക്ട് പ്രകാരം 32 പഠിതാക്കൾക്കായി കോഴ്സ് ഫീ ഇനത്തിൽ രൂ.70250/- കേരളാ സംസ്ഥാന സാക്ഷരതാ മിഷനും , 5 പഠിതാക്കൾക്ക് 1950 രൂപ വീതം ആകെ രൂ. 9750/- നേരിട്ടും നൽകിയിട്ടുണ്ട്. തുല്യതാ

പഠനഫീസ് നൽകിയ പഠിതാക്കൾ ക്ലാസ്സുകൾക്ക് ഹാജരായതുമായി ബന്ധപ്പെട്ട ഹാജർ രേഖകൾ / പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ ( ഹാൾടിക്കറ്റ് , മാർക്ക് ലിസ്റ്റ് മുതലായവ) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഭാവിയിൽ എസ്.എസ്.എൽ.സി , പ്ലസ് ടു തുല്യത പഠിതാക്കൾക്ക് വേണ്ടിയുള്ള പ്രൊജക്ടുകൾ ക്രമപ്രകാരം നടപ്പിലാക്കേണ്ടതാണ്.

# 1-21 ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കി ഒടുക്കിയിട്ടില്ല.

<u>എ) നിർവഹണം- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ</u>

പ്രൊജക്റ്റ് നം 18 /19 – പട്ടിക ജാതി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക്

അടങ്കൽ- രൂ.236135.00 ( വികസന ഫണ്ട് -എസ്.സി.പി 177039.00 + തനത് ഫണ്ട് 59096.00)
&

പ്രൊജക്റ്റ് നം 206/19 – പട്ടിക ജാതി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് -രണ്ടാം ഘട്ടം

അടങ്കൽ- രൂ.233290.00 ( വികസന ഫണ്ട് എസ്.സി.പി- 174906.00 + തനത് ഫണ്ട് 58384)
സപ്ലൈയർ: SELZER POLYMERS, Industrial Dev Plot, Ayyankunnu,
Mundur.P.O, Thrissur - 680541

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ | തീയതി | തുക | എണ്ണം | ബിൽ നമ്പർ & തീയതി | തുക |
|---|---|---|---|---|---|---|
| 1 | 07337/SP/18-19 | 16-2-19 | 36985.00 | 13 | ചെക്ക് നം 5021328 തീ 28.2.19 ( പ്രൊജക്റ്റ് നം 18 /19) | 59096.00 |
| 2 | 07335/SP/18-19 | 16-2-19 | 199150.00 | 70 | ബിൽ 46/18-19തീ 12.3.19 ( | 177039.00 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പ്രൊജക്റ്റ് നം 18 /19) | |
| 3 | 07336/SP/18-19 | 16-2-19 | 119490.00 | 42 | ബിൽ 44/18-19തീ 28.2.19 ( പ്രൊജക്റ്റ് നം 206/19) | 89586.00 |
| 4 | 08048/SP/18-19 | 13.3.29 | 31295.00 | 11 | ബിൽ 50/18-19തീ 20.3.19 ( പ്രൊജക്റ്റ് നം 206/19) | 23463.00 |
| | | | | | ചെക്ക് നം 5021327 തീ 26.2.19 ( പ്രൊജക്റ്റ് നം 206/19) | 29904.00 |
| | | | | | ചെക്ക് നം 5021334 തീ 20.3.19 ( പ്രൊജക്റ്റ് നം 206/19) | 7832.00 |
| ആകെ | | | 386920.00 | 136 | | 386920.00 |

ബി) നിർവഹണം- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്റ്റ് നം 23 /19 – പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്

അടങ്കൽ- രൂ210000.00 ( വികസന ഫണ്ട് എസ്.സി.പി) ചെലവ് -209650.00
&
പ്രൊജക്റ്റ് നം 210/19 – പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് -രണ്ടാം ഘട്ടം

അടങ്കൽ- രൂ.120000.00 ( വികസന ഫണ്ട് 34931.00 + വികസന ഫണ്ട് എസ്.സി.പി- 85069.00) ചെലവ് -119200.00
സപ്ലൈയർ: Logiq Computers,
Mulayankavu Road, Koppam

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ | തീയതി | തുക | എണ്ണം | ബിൽ നമ്പർ & തീയതി | തുക |
|---|---|---|---|---|---|---|
| 1 | LGQKPM62 | 1.12.18 | 209650.0 | 7 | ബിൽ 34/18-19തീ 22.12.18 | 209650.00 |
| 2 | LGQKPM87 | 20.3.19 | 119200.0 | 4 | ബിൽ 52/18-19തീ 22.3.19 | 85069.00 |
| | | | | | ബിൽ 53/18-19തീ 22.3.19 | 34131.00 |
| ആകെ | | | 328850.00 | 11 | | 328850.00 |

<u>സി) അനുപൂരക പോഷകഹാര പ്രൊജക്ടുകൾ</u>

നിർവഹണം- ഐ.സി.ഡി.എസ് ഓഫീസർ

സപ്ലൈയർ: പവിത്രം കുടുംബശ്രീ യൂണിറ്റ്, അഴിയന്നൂർ, കടമ്പഴിപ്പുറം, പാലക്കാട് -678633

| ക്രമ നമ്പർ | ബിൽ നമ്പർ & തീയതി | തുക | ഇൻവോയിസ് നമ്പർ | തീയതി | തുക | കുറിപ്പ്(പാർട്ട് പേയ്മെന്റ്) |
|---|---|---|---|---|---|---|
| | Iപ്രൊജക്ട് നം 27/19 | | | | | |
| 1 | ചെക്ക് നം 5021326/15.3.19 | 46154.00 | 109 | 28.12.18 | 80862.00 | 35972.00 |
| 2 | ചെക്ക് നം 5021333/19.3.19 | 254170 | 125 | 27.2.19 | 76682.00 | 185224.00 |
| 3 | 5021340/28.3.19 | 128283 | 131 | 27.3.19 | 71121.00 | 86663.00 |
| | II.പ്രൊജക്ട് നം 28/19 | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 4 | 12/31.10.18 | 77932.00 | 100 | 25.10.18 | 71611.00 | 77932.00 |
| 5 | 13/28.11.18 | 114842.00 | 105 | 26.11.18 | 68527.00 | 40346.00 |
| 6 | 17/31.12.18 | 107226.00 | 109 | 28.12.18 | 80862.00 | 107226.00 |
| ആകെ | | | | | 449665.00 | |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം ഡി.എ1/87/2019 ത.സ്വ.ഭ .വ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർമാർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ ക്രമപ്രകാരം നടപ്പിലാക്കേണ്ടതാണ്.

# 1-22 കണ്ടിജൻസി ചെലവ് പ്രൊജക്ട് -ആസ്തികൾ വാങ്ങി

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗ്ഗരേഖ ഖണ്ഡിക 8.8 പ്രകാരം തദ്ദേശഭരണസ്ഥാപനത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കായി, സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കറൻറ് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇൻറർനെറ്റ് ചാർജ് തുടങ്ങിയ ഓഫീസ് ചെലവുകളായി പ്രൊജക്ടുകൾ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇതു പ്രകാരം കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ - 83/19, കൃഷി ഭവൻ കണ്ടിജൻസി ചെലവുകൾ പ്രൊജക്ട് പ്രകാരം കണ്ടിജൻസി ചെലവുകൾക്കു പകരം താഴെ പറയുന്ന ആസ്തികൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | സ്ഥാപനം, ഇൻവോയ്സ് നം & തീയതി | ഇനം | തുക |
|---|---|---|---|
| 1 | മൈക്രോഇൻഫോടെക്ക്, ഷൊർണ്ണൂർ - ബി /1197 തീയതി 15-2-19 | റൗട്ടർ, & യു.പി.എസ് | 4300.00 |
| 2 | എഷ്യൻ ഫർണീച്ചർ & ഹോം അപ്ലൻസസ് - 678 തീ 19-2-19 | ടേബിൾ & ഫാൻ | 8300.00 |
| ആകെ | | | 12600.00 |

സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി കണ്ടിജൻസി ചെലവുകൾക്കു പകരം ആസ്തികൾ വാങ്ങിയത് ക്രമ പ്രകാരമല്ല. ഈയിനത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

# 1-23 കാർഷിക പ്രൊജക്ടുകൾ

# -ഗുണഭോക്തൃവിഹിതം പിരിക്കുന്നത് ക്രമപ്രകാരമല്ല

കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ - 33/19, കുരുമുളക് കൃഷി വികസനം എന്ന പ്രൊജക്ടിന്റെ ഗുണഭോക്തൃ വിഹിതം പ്രൊജക്ടിൽ ഉൾപ്പെടുത്തുകയും , ടി ആർ -5 രശീത് മുഖേന നേരിട്ട് ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുകയും ടി തുക കോങ്ങാട് സ്റ്റേറ്റ് സീഡ് ഫാമിൽ നേരിട്ട് അടവാക്കുകയുമാണ് ചെയ്തിട്ടുള്ളത്. പ്രൊജക്ടുകളുടെ ഗുണഭോക്തൃവിഹിതം 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് 20 (ബി) പ്രകാരം ഫോം നം. XXXIII രസീതി മുഖേന പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് പകരം ടി ആർ -5 രശീത് മുഖേന പിരിച്ച് നേരിട്ട് നൽകിയത് ക്രമപ്രകാരമല്ല. ഇപ്രകാരം ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. കൂടാതെ ചെലവ് പത്രികകളിലും പദ്ധതികളുടെ യഥാർത്ഥ ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ഇത് മൂലം വരുംവർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിനു ലഭിക്കേണ്ട വാർഷിക പദ്ധതി അടങ്കലിൽ കുറവ് വരുന്നതിന് കാരണമാവും. ഈ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-24 സപ്ലൈയർക്ക് തുക നൽകിയിട്ടില്ല

പ്രൊജക്ട് നമ്പർ - 34/19, തിരുവാഴിയോട് വെറ്റില കൃഷി പ്രോത്സാഹനം എന്ന പ്രൊജക്ടിനു വേണ്ടി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിൽ നിന്നും ഇൻവോയ്സ് നം SSP/PKD/0923 തീ 24.9.18 പ്രകാരം 27500.00 രൂപക്ക് എൻറിച്ച്ഡ് കടലപിണ്ണാക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ , പാലക്കാടിന് വികസന ഫണ്ടിൽ നിന്നുള്ള 20000.00 രൂപ ( ബിൽ നം 4 തീയതി 15-10-18 ) മാത്രമേ നൽകിയിട്ടുള്ളൂ. ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ച് ഗ്രാമ പഞ്ചായത്തിൽ അടവാക്കിയ തുക വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് ഓഡിറ്റ് തീയതി വരെ നൽകിയിട്ടില്ല. ഈക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-25 വാങ്ങലുകൾ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖണ്ഡിക 2.7 പ്രകാരമുള്ള വ്യവസ്ഥകൾ വിരുദ്ധമായി, വെറ്റിനറി സർജ്ജൻ നിർവഹിച്ച താഴെ പറയുന്ന പ്രൊജക്ടുകൾക്കുള്ള വാങ്ങലുകളിൽ സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ,ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കാതെ ഗോൾഡൻ കമ്പ്യൂട്ടേഴ്സ് , ഒറ്റപ്പാലം റോഡ് , ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം & പേര് | അടങ്കൽ | ഇൻവോയ്സ് നം & തീയതി | ചെലവ് | കുറിപ്പ് |
|---|---|---|---|---|---|
| 1 | 134/19-വെറ്റിനറി ഡിസ്പെൻസറിയിലേക്ക് മേശ , കസേര വാങ്ങൽ | 10000.00 (മെയിന്റനൻസ് | 277 / 24.9.18 | 10000.00 | ബിൽ നം 7 |

| | | | | | |
|---|---|---|---|---|---|
| | | ഗ്രാന്റ് - നോൺ റോഡ്) | | | തീ 28.9.18 |
| 2 | 185/19-വെറ്റിനറി ഡിസ്പെൻസറിയിലേക്ക് പ്രിന്റർ വാങ്ങൽ | 15000.00 (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) | 276 / 24.9.18 | 15000.00 | ബിൽ നം 5 തീ 28.9.18 |

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരമുള്ള മാർഗരേഖയിലെ വ്യവസ്ഥകൾക്കും,നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രൊജക്ട് നിർവ്വഹണം നടത്തിയതിനാൽ 25000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

# 1-26 അധികം പിൻവലിച്ച തുക അടവാക്കണം

വെറ്റിനറി സർജ്ജൻ നിർവഹിച്ച പ്രൊജക്ട് നമ്പർ - 121/19, വെറ്റിനറി ഡിസ്പെൻസറിയിലെ കണ്ടിജൻസി ചെലവുകൾ എന്ന പ്രൊജക്ട് അനുസരിച്ച് ബിൽ നം 19 തീ 23.1.19 പ്രകാരം 12902 രൂപ ട്രഷറിയിൽ നിന്നും പണമാക്കിയിട്ടുണ്ട്. എന്നാൽ ബിൽ/വൗച്ചറിനോടൊപ്പം ഉള്ള ഇൻവോയ്സുകൾ / രശീതുകൾ പ്രകാരം 12181 രൂപയുടെ ചെലവ് മാത്രമാണ് നടത്തിയിട്ടുള്ളത്. ഈയിനത്തിൽ അധികം പിൻവലിച്ച 721 രൂപ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

# 1-27 ആർ–സെറ്റി കേന്ദ്രം പ്രയോജനപ്പെടുത്തുണം

പാലക്കാട് ജില്ലയിലെ ലീഡ് ബാങ്കായ കാനറ ബാങ്കിന്റെ മേൽനോട്ടത്തിൽ വെള്ളിനഴി ഗ്രാമപഞ്ചായത്തിൽ സൗജന്യമായി തൊഴിൽപരിശീലനം നൽകുന്ന ആർ–സെറ്റി കേന്ദ്രം (ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രം- R SETI – Rural Self Employment Training Institute) പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് സൗജന്യമായി നൽകിയ കെട്ടിടത്തിൽ 10 ദിവസം മുതൽ 45 ദിവസം വരെ നീണ്ടുനിൽക്കുന്ന വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളാണ് ഈ കേന്ദ്രം നടത്തിവരുന്നത്. പരിശീലന പരിപാടി പൂർത്തീകരിക്കുന്ന ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ളവർക്ക് സ്വന്തം നിലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിനോ, തൊഴിൽ കണ്ടെത്തുന്നതിനോ ആവശ്യമായ കൈത്താങ്ങും സഹായങ്ങളും നൽകുന്നതിനുമുള്ള പ്രൊജക്ടുകൾ സർക്കാർ അനുമതിയോടെ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ കേന്ദ്രത്തിന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തുവാൻ ഭരണസമിതിയോട് ഓഡിറ്റ് നിർദ്ദേശം വയ്ക്കുന്നു.

# 1-28 പി.വി.സി വാട്ടർ ടാങ്ക് പ്രൊജക്ടുകൾ -ഗുണനിലവാരം ഉറപ്പുവരുത്തണം

നിർവഹണം- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ട് നം 18 /19 – പട്ടിക ജാതി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക്

അടങ്കൽ- രൂ.236135.00 ( വികസന ഫണ്ട് -എസ്.സി.പി 177039.00 + ഗുണഭോക്തൃ വിഹിതം 59096.00)

&

പ്രൊജക്ട് നം 206/19 – പട്ടിക ജാതി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് -രണ്ടാം ഘട്ടം

അടങ്കൽ- രൂ.233290.00 ( വികസന ഫണ്ട് എസ്.സി.പി- 174906.00 + ഗുണഭോക്തൃ വിഹിതം 58384)

ചെലവ് : ആകെ. 386919.00 (236125 + 150785)

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 6.6(5) ലെ വ്യവസ്ഥകൾക്കും, നിർദ്ദേശങ്ങൾക്കും വിധേയമായി മേൽ പ്രൊജക്റ്റുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ 146 പട്ടിക ജാതി കുടുംബങ്ങൾക്ക് 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്കുകൾ വാങ്ങി നൽകിയിട്ടുണ്ട്. രണ്ട് പ്രൊജക്റ്റുകൾ പ്രകാരവും വാട്ടർ ടാങ്കുകൾ സപ്ലൈ ചെയ്തത് SELZER POLYMERS, Industrial Dev Plot, Ayyankunnu,Mundur.P.O, Thrissur എന്ന വാട്ടർ ടാങ്ക് നിർമ്മാണ സ്ഥാപനമാണ്. എന്നാൽ ടെണ്ടർ പരസ്യത്തിലെ നിബന്ധനയായ ഉൽപന്നത്തിന് ഐ.എസ്.ഐ സാക്ഷ്യപത്രം വേണമെന്ന വ്യവസ്ഥക്ക് ഈ സ്ഥാപനം നൽകിയിരിക്കുന്നത് Kaveri Plasto Container Private Limited, Krumbigal Road, Bengaluru, Karnataka എന്ന സ്ഥാപനത്തിന്റേതാണ്. ഇത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും, വാട്ടർ ടാങ്ക് പ്രൊജക്റ്റുകളിൽ ഐ.എസ്.ഐ സാക്ഷ്യപത്രം നിഷ്കർഷിക്കുമ്പോൾ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡാർഡ്സ് നൽകുന്ന IS 12701: 1996 മാർക്കും , ഗുണനിലവാരവും, ഫുഡ് ഗ്രേഡ് വിർജിൻ മെറ്റീരിയൽ ഉപയോഗിച്ച് നിർമ്മിച്ചതാണെന്നും ഉറപ്പുവരുത്തേണ്ടതാണ്.

# 1-29 കണ്ടിജൻസി ചെലവുകൾ -സർക്കാർ നിർദ്ദേശം പാലിക്കണം

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗ്ഗരേഖ ഖണ്ഡിക 8.8 പ്രകാരം തദ്ദേശഭരണസ്ഥാപനത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കറൻറ് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇൻറർനെറ്റ് ചാർജ് തുടങ്ങിയ കണ്ടിജൻസി ചെലവുകൾക്കായി തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് / മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് എന്നിവയിൽ നിന്നും പ്രൊജക്റ്റുകൾ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് പ്രകാരം 2018-19 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് ഫണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ കാര്യലയങ്ങളിലെ കണ്ടിജൻസി ചെലവുകൾക്കായി പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊ.നം | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 037/19 | ഗവ:എൽ.പി.സ്കൂളുകളുടെ കണ്ടിജൻസി ചെലവുകൾ | 50000.00 | 50000.00 |
| 2 | 119/19 | വി. ഇ.ഒ ഓഫീസിലെ കണ്ടിജൻസി ചെലവുകൾ | 10000.00 | 6997.00 |
| 3 | 36/19 | അങ്കണവാടികളുടെ കണ്ടിജൻസി ചെലവുകൾ | 70000.00 | 70000.00 |
| 4 | 7/19 | പി.എച്ച്.സി കളിലെ കണ്ടിജൻസി ചെലവുകൾ | 150000.00 | 130478.00 |
| 5 | 184/19 | വെറ്ററിനറി ഡിസ്പെൻസറിയിലെ കണ്ടിജൻസി ചെലവുകൾ | 15000.00 | 15000.00 |
| 6 | 83/19 | കൃഷി ഭവനിലെ കണ്ടിജൻസി ചെലവുകൾ | 50000.00 | 50000.00 |

മേൽ പ്രൊജക്റ്റുകളുടെ നിർവഹണത്തിൽ താഴെ ചേർക്കുന്ന പൊതുവായ അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖണ്ഡിക 2.7 പ്രകാരമുള്ള വ്യവസ്ഥക്ക വിരുദ്ധമായി, ബാധകമായ വാങ്ങലുകളിൽ സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കാതെയാണ് നിർവഹണം നടത്തിയിരിക്കുന്നത്.

ബി)സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗ്ഗരേഖ ഖണ്ഡിക 8.8 പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നിർവഹണ ഉദ്യോഗസ്ഥർ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക തയ്യാറാക്കി തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും, അനുവദിച്ച തുകയുടെ ഉപയോഗ സാക്ഷ്യപത്രം തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും, ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ, സ്ഥാപനമേധാവികൾ തന്നെ സൂക്ഷിക്കേണ്ടതും ആയവ ആഡിറ്റിന് ഹാജരാക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം കൃത്യമായി പാലിച്ചിട്ടില്ല.

സി) നിർവഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് പ്രകാരം വാങ്ങിയ സ്റ്റേഷനറി സാധനങ്ങൾ/ കൺസ്യൂമബിൾസ് രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

ഭാവിയിൽ പ്രൊജക്ടുകൾ ക്രമപ്രകാരം നടപ്പിലാക്കേണ്ടതാണ്.

# 1-30 തൊഴിലുറപ്പ് പദ്ധതിയിലൂടെയുള്ള കിണർ-പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 15ഉം, 2018-19 സാമ്പത്തിക വർഷത്തിൽ 25 ഉം ഉൾപ്പെടെ 40 കുടിവെള്ള കിണറുകൾ കുഴിച്ചിട്ടുള്ളതിൽ ആകെ 15എണ്ണം ആൾമറ കെട്ടി സുരക്ഷിതമാക്കിയിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ 17എണ്ണം ആൾമറ കെട്ടി സുരക്ഷിതമാക്കുവാൻ പദ്ധതിരൂപീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. ശുചിത്വവും സുരക്ഷിതത്വവും മുൻനിർത്തി അവശേഷിക്കുന്ന കിണറുകൾക്കുകൂടി ആൾമറ കെട്ടുവാൻ ലഭ്യമാകുന്ന വിഭവസമാഹരണം നടത്തി പദ്ധതി തയ്യാറാക്കേണ്ടതും എത്രയും വേഗത്തിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-31 മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് - വാട്ടർഅതോറിട്ടി വെള്ളക്കരം കുടിശ്ശിക അടവാക്കൽ

2018-19 സാമ്പത്തിക വർഷത്തെ 4/2019 നമ്പരായ വാട്ടർ അതോറിട്ടിക്ക് വെള്ളക്കരം അടവാക്കൽ എന്ന പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് 225756/- രൂപ കുടിശ്ശിഖ തീർക്കുവാനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിരുന്നത്. എന്നാൽആയതിന് ലഭ്യമായ തുക ഉപയോഗിച്ച് നാല് മാസങ്ങളിലെ പ്രതിമാസ വെള്ളക്കരം അടവാക്കുകയാണ് ചെയ്തിരിക്കുകയാണ്. ഇക്കാരണത്താൽ 2018എപ്രിൽ മാസത്തെ കുടിശ്ശിഖ 361189/- രൂപയായിരുന്നത് 2019 മാർച്ച് മാസത്തിൽ 286466/- രൂപയായി നിലനില്ക്കുന്നു. മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പ്രോജക്റ്റ് വച്ചിട്ടും ജലഅതോറിട്ടിക്ക് പ്രതിമാസം രണ്ട് ശതമാനം നിരക്കിൽ പലിശ ഇപ്പോഴും നല്കിക്കൊണ്ടിരിക്കുകയാണ്. കുടിശ്ശിക അടവാക്കുവാനുള്ള തുക പ്രതിമാസചെലവിന് ഉപയോഗിച്ചത് ക്രമപ്രകാരമല്ല. നിലവിൽ 115 പൊതു ടാപ്പുകൾക്കുള്ള വെള്ളക്കരമായി പ്രതിമാസം 50,313/-രൂപ

ജലഅതോറിട്ടിക്ക് നല്കിക്കൊണ്ടിരിക്കുന്നു. പൊതുടാപ്പുകളുടെ നിലവിലുള്ള പ്രവർത്തന സ്ഥിതി അറിയുന്നതിലേക്കായി ഒരു സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമില്ല. ഇക്കാര്യം ഭരണസമിതി ഗൌരവപൂർവ്വം കാണേണ്ടതും സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കി അപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും സാമ്പത്തിക വർഷത്തിൽ തീർക്കേണ്ട കുടിശ്ശിഖ അടച്ചുതീർക്കേണ്ടതുമാണ്.

# 1-32 തിരുവാഴിയോട് വെറ്റിലക്ക് ഭൂപ്രദേശസൂചികാംഗീകാരം ലഭ്യമാക്കൽ

കാർഷിക മേഖലയിൽ വെള്ളിനേഴി ഗ്രാമ പഞ്ചായത്തിന്റെ പൈതൃകമായ തിരുവാഴിയോട് വെറ്റില കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി 2018-19 വർഷം വെറ്റില കർഷകർക്കു ജൈവവളം നൽകുന്ന പ്രൊജക്റ്റ് നടപ്പാക്കിയിട്ടുണ്ട്. മികച്ച ഗുണനിലവാരവും, പ്രത്യേക രുചിയും, കാണാൻ ഭംഗിയും , കനം കുറവുള്ളതും , ഔഷധ ഗുണം കൂടുതലുള്ളതും, തനിമയുമുള്ളതുമായ തിരുവാഴിയോട് വെറ്റില അന്യം നിന്നു പോകാതെ സംരക്ഷിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനാർഹമാണ്.

കേരള കാർഷിക സർവകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ സെല്ലിന്റെയോ, മറ്റ് ഏജൻസികളുടെയോ സഹായത്തോടെ തിരുവാഴിയോട് വെറ്റിലക്കുള്ള ദേശപരമായ സവിശേഷതകളും, ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും, പരമ്പരഗതമായ മേന്മകളും ഭൂപ്രദേശസൂചികാംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഭാഗം-2

വരവിനങ്ങളിലുള്ള പരാമർശങ്ങൾ - ഒന്നുമില്ല

ഭാഗം-3

ചെലവിനങ്ങളിലുള്ള പരാമർശങ്ങൾ – ഒന്നുമില്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 24.06.19 മുതൽ 25.06.19 | നം.കെ.എസ്.എ-പികെഡി.21/997/ 2019(87) തിയതി: 26-8-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 590623 | 19/19-നെൽകൃഷി വികസനം | 482865 | 107758 |
| | | 1138400 | 20/19-ലൈഫ് മിഷൻ | 1064167 | 74233 |
| | | 766000 | 122/19-ലൈഫ് മിഷൻ | 766000 | 0 |
| | | 200000 | 24/19-സ്കോളർഷിപ്പ് | 200000 | 0 |
| | | 325000 | 120/19-പാൽ സബ്സിഡി | 325000 | 0 |
| | | 600000 | 131/19-മാലിന്യ സംസ്കരണം | 114835 | 485165 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 590622 | 19/19-നെൽകൃഷി വികസനം | 427017 | 163605 |
| ജില്ലാ പഞ്ചായത്ത് | | 902309 | 20/19-ലൈഫ് മിഷൻ | 460000 | 442309 |
| ജില്ലാ പഞ്ചായത്ത് | | 341492 | 122/19-ലൈഫ് മിഷൻ | 341492 | 0 |
| ജില്ലാ പഞ്ചായത്ത് | | 150000 | 120/19-പാൽ സബ്സിഡി | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 458427 | 167/18-കലാഗ്രാമം | 345898 | 112529 |

(വാർഷിക കണക്കുകൾ പ്രകാരം ടി വരവുചെലവു തുകകൾ പൊരുത്തപ്പെടുന്നില്ല.)

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 6/18- ശ്രീകൃഷ്ണപുരം കുടിവെള്ളപദ്ധതി | 16/14-8-18 | 2262000 | വിനിയോഗ വിവരം ലഭ്യമായില്ല | |
| | 11/18-തെക്കുംപുറം കോളനി കുടിവെള്ള പദ്ധതി | 15/14-8-18 | 100000 | | |

വിനിയോഗ വിവരം എത്രയും വേഗത്തിൽ ലഭ്യമാക്കി ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി | -ലഭ്യമായില്ല- | 7880000 | 7880000 | -0- | -0- | 7880000 |

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

# 4-6 മൊബിലൈസേഷൻ അഡ്വാൻസ്

# വിവരങ്ങൾ

ഒന്നുമില്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6502/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1996-97 | 7(2) | 600 | എ.വിശാലാക്ഷി | 118040100185 |
| 1998-99 | 2(3) | 1192 | വി.നന്ദകുമാർ | 118040100189 |
| 1998-99 | 2(4) | 752 | എൻ.കെ ചന്ദ്രശേഖർ | 118040100190 |
| 1998-99 | 2(6) | 835 | എൻ.കെ ചന്ദ്രശേഖർ | 118040100191 |
| 1998-99 | 2(7) | 250 | വി.നന്ദകുമാർ | 118040100192 |
| 1998-99 | 2(5) | 500 | ടി.പി.വർഗ്ഗീസ് | 118040100193 |
| 1998-99 | 2(2) | 1000 | വി.നന്ദകുമാർ | 118040100194 |
| 2000-01 | 3(6) | 1083 | വി.പ്രഭാകരൻ | 118040100197 |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 76933500 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67350908 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1084 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 55432 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 67550 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| – ഒന്നുമില്ല - | | | |

ഭാഗം -1 ൽ ഉൾപ്പെട്ട പരാമർശങ്ങൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 1-14 | | 1084 | ശ്രീ.സി.കെ. ഹരിദാസൻ, സെക്രട്ടറി |
| 1-15 | | 19670 | ശ്രീ.കർണ്ണൻ.എം.ആർ<br>അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-18 | | 35768 | ശ്രീ.കർണ്ണൻ.എം.ആർ<br>അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | | 56516 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 29950 | ശ്രീമതി.അംബിക.പി,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-22 | 12600 | ശ്രീ.ഷിബു.എ.ആർ, കൃഷി ഓഫീസർ |
| 1-25 | 25000 | ഡോ.കുരിയച്ചൻ.ഒ, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷിബു.എ.ആർ കൃഷി ഓഫീസർ | കൃഷി ഓഫീസർ വെള്ളിനേഴി ഗ്രാമപഞ്ചായത്ത് | നന്ദനം എസ്.എൻ. ജംഗ്ഷൻ, കുളപ്പുള്ളി – 679122 |
| ഡോ.കുരിയച്ചൻ.ഒ വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ വെള്ളിനേഴി ഗ്രാമപഞ്ചായത്ത് | എലവുംതുറത്തേൻ വളയൻചിറങ്ങര (പി.ഓ) പെരുമ്പാവൂർ – 683556 |

# 4-10 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1, 2-2 | 2016-17 | അധ്യായം 2 | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശിത തുക പഞ്ചായത്ത് ഈടാക്കിയതായി രേഖാമൂലം പഞ്ചായത്ത് ഡെ.ഡയറക്ടർ മുഖേന സമിതിയെ അറിയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ സമിതി തീർപ്പ് കല്പ്പിച്ചിട്ടില്ല. |
| 2015-16 | 2-1 | 2016-17 | അധ്യായം 2 | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശിത തുക പഞ്ചായത്ത് ഈടാക്കിയതായി രേഖാമൂലം പഞ്ചായത്ത് ഡെ.ഡയറക്ടർ മുഖേന സമിതിയെ അറിയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ സമിതി തീർപ്പ് കല്പ്പിച്ചിട്ടില്ല. |

-

# 4-11 തീർപ്പാക്കാനാവശേഷിക്കുന്ന

# ഖണ്ഡികകളുടെ വിവരം

| വർഷം | ഈ കാര്യാലയത്തിൽ നിന്നും അവസാനം നൽകിയ കത്തിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 96-97 വരവ്,ചെലവ് റിപ്പോർട്ട് | നം.കെ.എസ്.എ. പി.കെ.ഡി 12/895/18/4.10.18 (2.05.18 ന് നടന്ന ഓഡിറ്റ് അദാലത്ത്) | 9 |
| 97-98 വരവ് | | 0 |
| 97-98 ചെലവ് | | 11 |
| 98-99 വരവ്,ചെലവ് റിപ്പോർട്ട് | | 5 |
| 99-2000 | | 3 |
| 2000-2001 | | 3 |
| 2001-02 | | 0 |
| 2002-03 | | 4 |
| 2003-04 | | 3 |
| 2004-05 | | 5 |
| 2005-06 | | 7 |
| 2006-07 | | 3 |
| 2007-08 | നം.എൽ.എഫ്.പി.12/1118/11/29.03.12 | 9 |
| 2008-09 | നം.എൽ.എഫ്.പി.12/1119/11/10.04.12 | 6 |
| 2009-10 & 2010-11 | നം.എൽ.എഫ്.പി.12/1576/14/17.10.14 | 7 |
| 2011-12 | നം.കെ.എസ്.എ.പി.കെ.ഡി 12/1788/15/3.11.15 | 15 (ഖ-3.1,3.11 എന്നിവ സർക്കാർ പരിഗണനയിൽ) |
| 2012-13 | നം.കെ.എസ്.എ.പി.കെ.ഡി. | 8 |

| | | |
|---|---|---|
| | 12/1789/15/2.11.15 | |
| 2013-14&2014 | നം.കെ.എസ്.എ.പി.കെ.ഡി. 12/1435/16/26.04.17 | 11 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി. 12/2297/16/6.03.18 | 8 |
| 2016-17 | നം.കെ.എസ്.എ.പി.കെ.ഡി. 12/1344/17/14.03.18 | 9 |
| 2017-18 | നം.കെ.എസ്.എ.പി.കെ.ഡി. 12/317/19/14.10.19 | 11 |

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-പികെഡി.21/997/2019(87)


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്


തിയതി: 26-8-2019


Phone No.04912520145

e-mail. dopkd.ksad@kerala.gov.in


<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലി നായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം</u>

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ആസ്തി രജിസ്റ്ററിൽ 31-3-2019 വരെ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

2. വസ്തു നികുതിയുടെ വരവ് തുക സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1940092 രൂപയും സാംഖ്യ പ്രകാരം 1938894 രൂപയുമാണ്. 1288 രൂപയും വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

3. ഡിമാന്റ് രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതിയുടെ വരവ് 862150 രൂപയും വാർഷിക കണക്കിലെ RP-1 ഷെഡ്യൂൾ പ്രകാരം 833150 രൂപയുമാണ്. 29000 രൂപയും വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

4. വിവാഹ ധനസഹായം RP-19 ഷെഡ്യൂളിൽ 90000 രൂപയും RP-7 ഷെഡ്യൂളിൽ 60000 രൂപയുമാണ് കാണിച്ചിരിക്കുന്നത്. RP-19 ഷെഡ്യൂളിൽ 30000 രൂപ തെറ്റായി ചേർത്തിരിക്കുന്നത് ക്രമീകരിച്ചിട്ടില്ല.

5. RP-31 ഷെഡ്യൂളിൽ വരവായി കാണിച്ചിട്ടുള്ള ശുചിത്വ മിഷൻ ഫണ്ട്, ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയുടെ വിനിയോഗ വിവരം കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD-21/997/2019(87)

Kerala State Audit Department,
District Audit Office, Palakkad,

Phone Number: 04912 520145,

Date.26.08.2019

email: dopkd.ksad@kerala.gov.in

<u>Certificate</u>

Certified that I have examined the Annual Financial Statement of Vellinezhi Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of Vellinezhi Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Deputy Director

<u>Annexure</u>

<u>Abstract Defects/Discrepancies</u>

1. Since Sachithra Software is not linked with Sankhya, accuracy of asset value shown in balance shett could not be ascertained.

2. Property Tax collection as per Sanchaya is ₹ 1940092 and that as per Sankhya is ₹ 1938894. The difference of ₹1288 not regulated.

3. Receipt of Profession Tax of employees as per demand register is ₹ 862150 and that as per AFS Schedule RP-1 is ₹ 833150. The differece of ₹29000 is not regulated.

4. Marriage assistance as per RP-19 is 90000 and that as per RP-7 is 60000. The amount of ₹30000 erroneously included in RP-19 not regulated.

5. The expenditure details of Suchithwa mission fund, Block-District Panchayat share not maintained properly.

Deputy Director

# <u>അനുബന്ധം-2</u> <u>വിവിധ പത്രികകൾ</u>

## Income & Expenditure Statement

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2998852.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 3400.00 |
| 140000000 | Fee & User Charges | I-4(b) | 363883.00 |
| 150000000 | Sale & Hire Charges | I-5(b) | 375445.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 115661923.00 |
| 171000000 | Interest Earned | I-8 | 95586.00 |
| 180000000 | Other Income | I-9 | 7369.00 |
| | Total Income | | 119506458.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8627941.00 |
| 220000000 | Administrative Expenses | I-11(b) | 1218252.00 |
| 230000000 | Operations & Maintenance | I-12(b) | 3001830.00 |
| 240000000 | Interest & Finance Charges | I-13 | 0.0 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5640740.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 42053945.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4293490.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1822295.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 35919232.00 |
| 255000000 | Maintenance Projects | I-14(e) | 11231508.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 215000.00 |
| 272000000 | Depreciation | I-17(a) | 1152334.00 |
| | Total Expenditure | | 115176567.00 |
| | Gross Surplus/ Deficit of income over Expenditure | | 4329891.00 |
| 280000000 | Prior Period Item | I-18 | 95140.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4234751.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Receipt & Payments Statement

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7485212.00 |
| Cash | Cash | RP-40(a) | 12058.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 833150.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3400.00 |
| 140000000 | Fees & User Charges | RP-4 | 267433.00 |
| 150000000 | Sale & Hire Charges | RP-5 | 375445.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 43765325.00 |
| 171000000 | Interest Earned | RP-9 | 95586.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10887167.00 |
| 350000000 | Other Liabilities | RP-36 | 157932.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 7369.00 |
| 311000000 | Earmarked Funds | RP-29 | 1000.00 |
| 330000000 | Secured Loans | RP-32 | 7880000.00 |
| 340000000 | Deposits Received | RP-34 | 379189.00 |
| 350000000 | Other Liabilities | RP-36 | 122294.00 |
| 410000000 | Fixed Assets | RP-38 | 2475526.00 |
| 411000000 | Accumulated Depreciation | RP-39 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 2179414.00 |
| 460000000 | Loans, Advances and Deposits | RP-47 | 6000.00 |
| | Grand total | | 76933500.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2569098.00 |
| 220000000 | Administrative Expenses | RP-12 | 1218252.00 |
| 230000000 | Operations & Maintenance | RP-13 | 2966830.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4814370.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 23582693.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3767495.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1802637.00 |
| 254000000 | Expenditures of Transferred institutions and | RP-19 | 200032.00 |

| | | | |
|---|---|---|---|
| | State Sponsored Schemes | | |
| 255000000 | Maintenance Projects | RP-20 | 11231508.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 215000.00 |
| 280000000 | Prior Period item | RP-26 | 95733.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 466478.00 |
| 350000000 | Other Liabilities | RP-36 | 5370338.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 0.0 |
| 272000000 | Depreciation | RP-25 | 0.0 |
| 280000000 | Prior Period Item | RP-26 | -29360.00 |
| 311000000 | Earmarked Funds | RP-29 | 1000.00 |
| 340000000 | Deposits Received | RP-34 | 102340.00 |
| 350000000 | Other Liabilities | RP-36 | 1426887.00 |
| 410000000 | Fixed Assets | RP-38 | 4388513.00 |
| 412000000 | Capital work in Progress | RP-40 | 1243762.00 |
| 430000000 | Stock-in-hand | RP-42 | 50500.00 |
| 460000000 | Loans, Advances and Deposits | RP-47 | 1866802.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 9551659.00 |
| Cash | Cash | RP-40(b) | 30933.00 |
| | Grand Total | 76933500.00 | |

**Balance Sheet Statement**

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -851938.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 8484.00 |
| 312000000 | Reserves | B-3 | 67044617.00 |
| | **Total Reserve & Surplus** | | **66201163.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | -7457637.00 |
| | **Total Grants, Contributions for Specific Purposes** | | **-7457637.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 7880000.00 |
| | **Total Loans** | | **7880000.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 553354.00 |
| 350000000 | Other Liabilities | B-9 | 957478.00 |

| | | | |
|---|---|---|---|
| | **Total Current Liabilities and Provisions** | | **1510832.00** |
| | **TOTAL LIABILITIES** | | **68134358.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 59677614.00 |
| 411000000 | Accumulated Depreciation | B-11 | -11197152.00 |
| 412000000 | Capital Work in Progress | B-11(a) | 1062309.00 |
| | **Total Fixed Assets** | | **49542771.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 50500.00 |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 440000000 | Pre-paid Expenses | B-16 | 7880000.00 |
| 450000000 | Cash and Bank Balance | B-17 | 9582592.00 |
| 460000000 | Loans, Advances and Deposits | B-18 | 1078495.00 |
| | **Total Current Assets, Loans and Advances** | | **18591587.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **68134358.00** |